**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1365** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിക്കുന്ന തുക ഭക്ഷ്യവസ്തുക്കളുടെ കമ്പോള നിലവാരവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ് എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ പ്രസ്തുത തുക ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഭക്ഷ്യവസ്തുക്കളുടെ കമ്പോള വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ പദ്ധതിയിൻകീഴിൽ സപ്ലിമെന്ററി ന്യൂട്രീഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ചുവരുന്ന പാൽ, മുട്ട/ നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യവും 01.10.2022 തീയതി പ്രാബല്യത്തിൽ കേന്ദ്രസർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | സംസ്ഥാന സർക്കാരിന്റെ പോഷകാഹാര പദ്ധതിയുടെ ഭാഗമായി നൽകുന്ന മുട്ടയ്ക്കും പാലിനും അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുമോ; വിശദാംശം നൽകുമോ; | (ബി) | ഭക്ഷ്യവസ്തുക്കളുടെ കമ്പോള വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ പദ്ധതിയിൻകീഴിൽ സപ്ലിമെന്ററി ന്യൂട്രീഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ചുവരുന്ന പാൽ, മുട്ട/ നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യവും 01.10.2022 തീയതി പ്രാബല്യത്തിൽ കേന്ദ്രസർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | വിവിധ സ്കൂളുകളിൽ നാളിതുവരെ ഉച്ചഭക്ഷണം നൽകുന്നതിന് വിലക്കയറ്റം മൂലമുണ്ടായ അധിക ബാധ്യത നികത്തുന്നതിന് പ്രത്യേക തുക അനുവദിക്കുമോ; വിശദാംശം നൽകുമോ; | (സി) | ഭക്ഷ്യവസ്തുക്കളുടെ കമ്പോള വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ പദ്ധതിയിൻകീഴിൽ സപ്ലിമെന്ററി ന്യൂട്രീഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ചുവരുന്ന പാൽ, മുട്ട/ നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യവും 01.10.2022 തീയതി പ്രാബല്യത്തിൽ കേന്ദ്രസർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് | (ഡി) | 2013 ൽ പാർലമെന്റ് പാസ്സാക്കിയ ഭക്ഷ്യ ഭദ്രതാ |

| | | | |
|---|---|---|---|
| | സർക്കുലറുകളും ഉത്തരവുകളും ഇറക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട അദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്യുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ; | | നിയമം, 2015 ൽ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്ത ഉച്ചഭക്ഷണ പദ്ധതി ചട്ടങ്ങൾ, 2006 ലും 2022 ലും കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്കൂൾ ഉച്ചഭക്ഷണ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ, എന്നിവയുടെ അടിസ്ഥാനത്തിലാണ് ടി പദ്ധതിയുമായി ബന്ധപ്പെട്ട സർക്കുലറുകളും ഉത്തരവുകളും സംസ്ഥാനത്ത് ഇറക്കുന്നത്. |
| (ഇ) | ഉച്ചഭക്ഷണ പദ്ധതിയുടെ ചുമതല പ്രധാന അധ്യാപകർ തന്നെ നിർവഹിക്കുന്നതിനാൽ പല സ്കൂളുകളിലും അധ്യയനത്തിൽ ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ഇ) | ഉച്ചഭക്ഷണ പദ്ധതിയുടെ ചുമതല പ്രധാന അധ്യാപകരിൽമാത്രം നിക്ഷിപ്തമല്ല. പ്രൈമറി സ്കൂളുകളടക്കം ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ സ്കൂളുകളിലും പദ്ധതി നടത്തിപ്പിനായി സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികൾ രൂപികരിച്ചിട്ടുണ്ട്. സ്കൂൾ പി.ടി.എ പ്രസിഡന്റ് ടി കമ്മറ്റിയുടെ ചെയർമാനും പ്രഥമാധ്യാപകൻ/ പ്രഥമാധ്യാപിക അതിന്റെ കൺവീനറു മാണ്. സർക്കാർ ഫണ്ട് കൃത്യമായി വിനിയോഗിച്ചും അതോടൊപ്പം രക്ഷാകർതൃ-പൊതുസമൂഹത്തിന്റെ പിന്തുണയോടും സഹകരണത്തോടും കൂടി പദ്ധതി കാര്യക്ഷമമായി നടത്തികൊണ്ടു പോകേണ്ടതിന്റെ ഉത്തരവാദിത്വം ഉച്ചഭക്ഷണ കമ്മറ്റികളുടേതാണ്. കൂടാതെ, ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ പ്രഥമാധ്യാപകരെ സഹായിക്കുന്ന തിനായി രണ്ട് അധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇതെല്ലാം ഉൾപ്പെടുത്തി 2022-23 അക്കാദമിക് വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂളുകൾക്കും ബന്ധപ്പെട്ട ഓഫീസുകൾക്കും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>പതിനെട്ടോളം രജിസ്റ്ററുകൾ/ ഫോമുകളാണ് ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ഉപയോഗിച്ചിരുന്നത്. ഇത് പത്താക്കി ചുരുക്കുകയും ഇതിൽ മൂന്നെണ്ണം ഡിജിറ്റൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി രജിസ്റ്ററുകളുടെ പരിപാലന ചുമതല പ്രഥമാദ്ധ്യാപകരെ സഹായിക്കുന്ന തിനായി ചുമതലപ്പെടുത്തിയിട്ടുള്ള രണ്ട് അദ്ധ്യാപകരിൽ ഒരാളിൽ നിക്ഷിപ്തമാണ്. ഉച്ചഭക്ഷണ ഹാജർ പുസ്തകം, അക്കൗണ്ട് രജിസ്റ്റർ, പാചകത്തൊഴിലാളികളുടെ ഹാജർ പുസ്തകം എന്നിവ മാത്രമാണ് പ്രതിദിനം രേഖപ്പെടുത്തലുകൾ ആവശ്യമായ രജിസ്റ്ററുകൾ. ഇതിൽ, ഉച്ചഭക്ഷണ ഹാജർ പുസ്തകത്തിൽ കുട്ടികളുടെ ഹാജർ രേഖപ്പെടുത്തുന്നത് അതത് ക്ലാസ് ടീച്ചർമാരാണ്. ഉച്ചഭക്ഷണ 'മെനു' നിശ്ചയിക്കുക, ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗുണനിലവാര മുള്ളതാണെന്ന് ഉറപ്പുവരുത്തുക, എന്നീ ചുമതല സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയിലാണ് |

| | | | |
|---|---|---|---|
| | | | നിക്ഷിപ്തമായിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിൽ സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയെ സഹായിക്കുന്ന തിനും ഭക്ഷണത്തിന്റെ ഗുണമേന്മ ഭക്ഷണവിതരണത്തിലെ ശുചിത്വം എന്നിവയൊക്കെ പരിശോധിക്കുന്നതിനും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയെ കൂടി ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ